പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 833 — 30.01.2019 ൽ മറുപടിയ്ക്ക്

## അഗസ്ത്യാർകൂടം യാത്രയ്ക്ക് സ്ത്രീകൾക്ക് അനുമതി

| | ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | അഗസ്ത്യാർകൂട യാത്രയ്ക്ക് സ്ത്രീകൾക്ക് ഏതെങ്കിലും തരത്തിലുള്ള വിലക്ക് നിലവിലുണ്ടോ; | (എ) | ഇല്ല |
| (ബി) | ഈ വർഷത്തെ യാത്രയെ സംബന്ധിച്ച് വിവാദം ഉയർന്നു വരുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ വർഷം വരെ അഗസ്ത്യാർകൂടത്തിൽ സ്ത്രീകൾക്ക് പ്രവേശന അനുമതി ഉണ്ടായിരുന്നില്ല. WP © 5486 / 17 ാാം നമ്പർ കേസ്സിൽ ബഹു: ഹൈക്കോടതിയുടെ 30/11/18 -ലെ വിധി പ്രകാരം 2019 ൽ അഗസ്ത്യാർകൂടം ട്രക്കിംഗിന് സ്ത്രീകൾക്ക് പ്രവേശനാനുമതി നൽകിയതുമായി ബന്ധപ്പെട്ട് ചില വിഭാഗം ജനങ്ങളിൽ നിന്നും പ്രതിഷേധം ഉയർന്നുവരുവാനുള്ള സാഹചര്യമുണ്ടായി. |
| (സി) | യാത്രയുമായി ബന്ധപ്പെട്ട് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദവിവരം നല്കുമോ ?. | (സി) | 1. 2019 അഗസ്ത്യാർകൂടം സന്ദർശനവുമായി ബന്ധപ്പെട്ട് ബോണക്കാട് പിക്കറ്റ് സ്റ്റേഷനിൽ സന്ദർശകരുടെ പാസ്സും, ബാഗ്ഗേജുകളും പരിശോധിക്കുന്നതിനായി സെക്ഷൻ ഫോറസ്റ്ററുടെ നേതൃത്വത്തിൽ 2 വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ട്രൈബൽ വാച്ചർമാർ ഉൾപ്പെടെ 5 പേരെ നിയോഗിച്ചിട്ടുണ്ട്.<br><br>2 . പ്രവേശന കവാടമായ ബോണക്കാട് പിക്കറ്റ് സ്റ്റേഷനിൽ എത്തുന്ന 2 0 പേർ വീതമുള്ള സന്ദർശക ഗ്രൂപ്പുകൾക്ക് ഒരു ഗൈഡിന്റെ സേവനം ലഭ്യമാണ്.<br><br>3 . അതിരുമല ബേസ് ക്യാമ്പിൽ 200 സന്ദർശകർക്ക് താമസിക്കുന്നതിനായി 2 സെമിപെർമനന്റ് ക്യാമ്പ് ഷെഡുകൾ |

| | | | |
|---|---|---|---|
| | | | നിർമ്മിച്ചിട്ടുണ്ട്. ഇതിൽ വനിതകൾക്കായി പ്രത്യേകം സ്ഥലം വേർതിരിച്ചിട്ടുണ്ട്. കൂടാതെ ശുചിമുറികൾ, കുളിമുറികൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.<br><br>4 . ബോണക്കാട് പിക്കറ്റ് സ്റ്റേഷനിൽ ബോണക്കാട് ഇക്കോ ഡവലപ്പ്മെൻറ് കമ്മിറ്റിയുടെ നേതൃത്വത്തിലും അതിരുമല ബേസ് ക്യാമ്പിൽ പൊടിയം ഇക്കോ ഡവലപ്പ്മെൻറ് കമ്മിറ്റിയുടെ നേതൃത്വത്തിലും, 24 മണിക്കൂറും പ്രവർത്തിക്കുന്ന ക്യാന്റീൻ സജ്ജമാക്കിയിട്ടുണ്ട്.<br><br>5 . അതിരുമല ബേസ് ക്യാമ്പിൽ ക്യാന്റീൻ പ്രവർത്തനം, സന്ദർശകരുടെ മേൽനോട്ടം, ഗൈഡുമാരെ നിയോഗിക്കൽ എന്നിവയ്ക്കായി ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ 2 വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ട്രൈബൽ വാച്ചർ ഉൾപ്പെടെ 5 ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.<br><br>6 . വാർത്താ വിനിമയ സംവിധാനങ്ങൾക്കായി അതിരുമല ബേസ് ക്യാമ്പിലും പേപ്പാറ റെയിഞ്ച് ആസ്ഥാനത്തും വയർലെസ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഡ്യൂട്ടിയിലുള്ള ജീവനക്കാർക്ക് വാക്കിടോക്കികൾ വിതരണം ചെയ്തിട്ടുണ്ട്.<br><br>7.സന്ദർശകരെ അനുഗമിക്കുന്നതിലേക്കായി പ്രത്യേക പരിശീലനം നൽകിയ 3 2 ഗൈഡുമാരെ നിയോഗിച്ചിട്ടുണ്ട്.<br><br>8.സന്ദർശകരെ അനുഗമിക്കുന്ന ഗൈഡുകൾക്ക് താൽക്കാലിക ക്യാമ്പ് ഷെഡുകൾ നിർമ്മിച്ചിട്ടുണ്ട്.<br><br>9., ബോണക്കാട് മുതൽ അതിരുമല വരെയുള്ള നടപ്പാതയിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ പട്രോളിംഗ് നടത്തി വരുന്നു.<br><br>10 . എല്ലാ സന്ദർശകർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ